കെ.എസ്.ആർ.ടി.സി ജീവനക്കാരെ സർക്കാർ ദ്രോഹിക്കുന്നു

തിരുവനന്തപുരം: സുശീൽഖന്ന റിപ്പോർട്ടിന്റെ പേരിൽ കെ.എസ്.ആർ.ടി.സി ജീവനക്കാരെ ദ്രോഹിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. പറഞ്ഞു.

കെ.എസ്.ആർ.ടി.സിയിൽ പെൻഷനും ശമ്പളവും തുടർച്ചയായി മുടങ്ങുന്നതിനെതിരെ ടി.ഡി.എഫിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിന് മുന്നിൽ നടന്ന സമരപ്രഖ്യാപന റാലിയും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജീവനക്കാരെ ദ്രോഹിക്കുന്ന ഇടതുസർക്കാർ നടപടിക്ക് ചെങ്ങന്നൂരിലെ ഉപതെരഞ്ഞെടുപ്പ് ഫലം മുഖത്തടിക്കുന്ന മറുപടിയായിരിക്കും.

വി.മുരളീധരന് ഇന്ന് തലസ്ഥാനത്ത് സ്വീകരണം

തിരുവനന്തപുരം: മഹാരാഷ്ട്രയിൽ നിന്ന് രാജ്യസഭയിലേക്ക് മത്സരിക്കുന്ന ബി.ജെ.പി മുൻസംസ്ഥാന അദ്ധ്യക്ഷനും ദേശീയ നിർവാഹക സമിതി അംഗവുമായ വി. മുരളീധരന് ഇന്ന് തിരുവനന്തപുരത്ത് പാർട്ടി പ്രവർത്തകർ സ്വീകരണം നൽകും. മുംബയിൽ നിന്ന് രാവിലെ 10.15ന് തിരുവനന്തപുരത്തെത്തുന്ന അദ്ദേഹത്തെ പാർട്ടി പ്രവർത്തകർ വിമാനത്താവളത്തിൽ സ്വീകരിക്കും.

തുടർന്ന് ഇരുചക്രവാഹനങ്ങളുടെ അകമ്പടിയോടെ ബി.ജെ.പി സംസ്ഥാന ഓഫീസിലെത്തുന്ന മുരളീധരനെ സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനംരാജശേഖരന്റെ നേതൃത്വത്തിൽ സ്വീകരിക്കും. മുരളീധരൻ പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യും.

കെ.എസ്.ഇ.ബിക്ക് ജാഗ്രതാ നിർദ്ദേശം

തിരുവനന്തപുരം: അറബിക്കടലിൽ അതിന്യൂനമർദ്ദം രൂപംകൊണ്ട് സാഹചര്യത്തിൽ ഏത് അടിയന്തര സാഹചര്യവും നേരിടാൻ ഒരുങ്ങിയിരിക്കാൻ കെ. എസ്.ഇ.ബി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എൻ.എസ്.പിള്ള എല്ലാ വൈദ്യുതിബോർഡ് ഓഫീസുകൾക്കും സന്ദേശം നൽകി. സീനിയർ ഓഫീസർമാരെല്ലാം പെട്ടെന്നുണ്ടാകാനിടയുള്ള സന്ദേശങ്ങൾ സ്വീകരിക്കാൻ തയ്യാറായിരിക്കണം.

പരാതിയിൽ നിന്ന് എം.എം. മണിയെ ഒഴിവാക്കി

കോട്ടയം: അരൂരിൽ കെ.എസ്.ഇ.ബി സബ് സ്റ്റേഷന് സ്ഥലം വാങ്ങിയതിലും നിർമാണത്തിലും ക്രമക്കേടുണ്ടെന്ന പരാതിയിൽ പ്രാഥമിക അന്വേഷണത്തിന് കോട്ടയം വിജിലൻസ് കോടതി ഉത്തരവായി. ബോർഡ് മുൻ എം.ഡി. കെ. ഇളങ്കോവൻ ഉൾപ്പെടെ ആറ് പേർക്കെതിരെയാണ് അന്വേഷണം. പരാതിയിൽ ഉൾപ്പെട്ടിരുന്ന മന്ത്രി എം.എം.മണി, എ.എം.ആരിഫ് എം.എൽ.എ എന്നിവരെ ഒഴിവാക്കി.

അരൂർ സ്വദേശി രാജഗോപാൽ അരൂക്കുറ്റി നൽകിയ പരാതിയിലാണ് കോടതി ഉത്തരവ്. സബ്സ്റ്റേഷനുവേണ്ടി സ്ഥലം വാങ്ങിയതിൽ 1.16 കോടി രൂപയുടെ അഴിമതിയും അധികാര ദുർവിനിയോഗവും ഗൂഢാലോചനയും നടന്നെന്നാണ് കേസ്. ഏപ്രിൽ അഞ്ചിന് കേസ് വീണ്ടും പരിഗണിക്കും.

ജേക്കബ് തോമസിനെതിരെ നടപടി വേണമെന്ന്

കൊച്ചി: ജേക്കബ് തോമസ് കേന്ദ്ര വിജിലൻസ് കമ്മിഷണർക്ക് നൽകിയ പരാതിയിൽ ഹൈക്കോടതി ജഡ്ജിമാർക്കെതിരെ അപകീർത്തിപരമായ പരാമർശങ്ങളുണ്ടെന്നും ഇതിനെതിരെ കോടതിയലക്ഷ്യ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് ബി.എച്ച്. മൻസൂർ ഹൈക്കോടതി രജിസ്ട്രാർക്ക് അപേക്ഷ നൽകി.

തനിക്കെതിരെ വിധി പറഞ്ഞതിന്റെ പേരിലാണ് വിജിലൻസ് ഡയറക്ടറായിരുന്ന ജേക്കബ് തോമസ് ഹൈക്കോടതി ജഡ്ജിമാർക്കും ലോകായുക്തക്കുമെതിരെ പരാമർശങ്ങൾ ഉന്നയിച്ച് പരാതി നൽകിയത്. ഇത്തരത്തിൽ ഹൈക്കോടതി ജഡ്ജിമാർക്കെതിരെ ആരോപണം ഉന്നയിക്കുന്നത് കോടതിയലക്ഷ്യമാണ്.

അപേക്ഷ തുടർ നടപടിക്കായി ഹൈക്കോടതി ചീഫ് ജസ്റ്റിസിന് മുന്നിൽ സമർപ്പിക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുണ്ട്.

വൈദ്യുതി നിയമ ഭേദഗതി: ഇന്ന് രാജ്ഭവൻ മാർച്ച്

തിരുവനന്തപുരം: വൈദ്യുതി നിയമം ഭേദഗതി ചെയ്ത് വൈദ്യുതി വിതരണം സ്വകാര്യ കുത്തകകൾക്ക് അടിയറവ് വയ്ക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കത്തിനെതിരെ നാഷണൽ കോ ഓർഡിനേഷൻ കമ്മിറ്റി ഒഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആൻഡ് എൻജിനിയേഴ്സ് ഇന്ന് രാജ്ഭവൻ മാർച്ച് നടത്തും.

ദേശീയ പ്രസിഡന്റ് കെ.ഒ ഹബീബ്, അഡീഷണൽ ജനറൽ സെക്രട്ടറി എ.എൻ.രാജൻ തുടങ്ങിയവർ പ്രസംഗിക്കും. മാർച്ചിൽ പങ്കെടുക്കാനെത്തുന്ന വാളന്റിയമാർ രാവിലെ 10 ന് മ്യൂസിയം ജംഗ്ഷനിൽ എത്തിച്ചേരണമെന്ന് സമരസമിതി ചെയർമാൻ എം.പി. ഗോപകുമാറും ജനറൽ കൺവീനർ കെ. ജയപ്രകാശും അഭ്യർത്ഥിച്ചു.

എൻ.സി.പി തിരഞ്ഞെടുപ്പ്

തിരുവനന്തപുരം: എൻ.സി.പി സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 18ന് രാവിലെ 10ന് എറണാകുളം ടൗൺ ഹാളിൽ നടക്കുമെന്ന് എൻ.സി.പി സംസ്ഥാന ഇലക്ഷൻ അതോറിട്ടി ചെയർമാൻ എം. ആലിക്കോയ അറിയിച്ചു.

റിവാർഡ് പോയിന്റ് വാഗ്ദാനം; എ.ടി.എം തട്ടിപ്പിന് പുതിയ തന്ത്രം

◗ പ്രത്യേക ലേഖകൻ

റിവാർഡ് പോയിന്റ് സേവനം സ്വകാര്യ ഏജൻസിക്ക്

റിവാർഡ് പോയിന്റ് നൽകുന്ന സേവനം എസ്.ബി.ഐക്കുവേണ്ടി സ്വകാര്യ ഏജൻസിയാണ് കൈകാര്യം ചെയ്യുന്നത്. ഇവർ അക്കൗണ്ട് ഉടമകളുടെ വിവരങ്ങൾ ചോർത്തുന്നുണ്ടെന്നാണ് സംശയിക്കുന്നത്. അക്കൗണ്ട് വിവരങ്ങൾ ചോരാതെ, സുരക്ഷിതമാക്കാനുള്ള സംവിധാനം എസ്.ബി.ഐ ഒരുക്കണമെന്നാണ് അക്കൗണ്ടുടമകളുടെ ആവശ്യം.

തിരുവനന്തപുരം: എ.ടി.എം കാർഡ് വിവരങ്ങൾ ഫോണിലൂടെ ചോദിച്ചറിഞ്ഞ് അക്കൗണ്ടിലെ പണം കൊള്ളയടിക്കുന്ന തട്ടിപ്പ് നിർബാധം തുടരുന്നു. സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾക്കും ഡെബിറ്റ്കാർഡ് സ്വൈപ്പ് ചെയ്ത് പണം നൽകുന്നവർക്ക് ബാങ്ക് നൽകുന്ന റിവാർഡ് പോയിന്റുകളുടെ പേരിലാണ് പുതിയ തട്ടിപ്പ്. റിവാർഡ് പോയിന്റുകൾക്ക് തുല്യമായ തുക അക്കൗണ്ടിലേക്ക് നിക്ഷേപിക്കാനാണെന്ന് വാഗ്ദാനം ചെയ്താണ് അക്കൗണ്ട് ഉടമകളിൽ നിന്ന് കാർഡ് വിവരങ്ങൾ ചോദിച്ചറിയുന്നത്. എസ്.ബി.ഐ അക്കൗണ്ടുടമകളാണ് കബളിപ്പിക്കപ്പെടുന്നതിൽ ഏറെയും. തലസ്ഥാനത്ത് ഇന്നലെ സമാനമായ തട്ടിപ്പിൽ 10,000 രൂപ തട്ടിയെടുത്തതായി പൊലീസിന് പരാതി കിട്ടി.

മുൻകാലങ്ങളിലെ തട്ടിപ്പുകാരെക്കാൾ കൂടുതൽ കൃത്യതയുള്ള വിവരങ്ങൾ പറഞ്ഞാണ് അക്കൗണ്ട് ഉടമകളെ വീഴ്ത്തുന്നത്. എസ്.ബി.ഐയിൽ നിന്നാണെന്ന് പറഞ്ഞ്, ഇംഗ്ലീഷിലാണ് സംസാരം. കാർഡ് നമ്പരും പേരും കാർഡിന്റെ കാലാവധി കഴിയുന്ന തീയതിയും വ്യക്തമായി പറയും. കാർഡിന്റെ പിറകിലെ മൂന്നക്ക സി.വി.വി നമ്പർ പറയാൻ ആവശ്യപ്പെടും. എന്തിനാണെന്ന് അക്കൗണ്ടുടമ ചോദിക്കുമ്പോഴാണ് ഇവർ 'തനിനിറം' കാട്ടുക. എ.ടി.എം കാർഡുപയോഗിച്ച് നടത്തിയ ഇടപാടുകൾക്ക് കിട്ടിയ റിവാർഡ് പോയിന്റുകൾ കൃത്യമായി പറയും. ഇതിനു തുല്യമായ തുക അക്കൗണ്ടിലേക്ക് നിക്ഷേപിക്കാനാണെന്ന് പറയുന്നതോടെ ആരും സി.വി.വി നമ്പർ നൽകിപ്പോവും. ഓൺലൈനായി പണം അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണെന്നും മൊബൈലിൽ വരുന്ന ഒറ്റത്തവണ പാസ്‌വേർഡ് (ഒ.ടി.പി) പറയണമെന്നും ഇവർ ആവശ്യപ്പെടും. നമ്പർ പറയുമ്പോഴേക്കും അക്കൗണ്ടിൽ നിന്ന് പണം ചോർത്തിയിരിക്കും. ഫോണിലൂടെ ആര് വിളിച്ചാലും അക്കൗണ്ട് വിവരങ്ങളോ ഒ.ടി.പി നമ്പരോ പറയരുതെന്ന് ബാങ്ക് പലതവണ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും അതനുസരിക്കാത്ത ഉപഭോക്താവിനാണ് പണം നഷ്ടപ്പെടുന്നത്.

> “ ഫോൺ വഴി അക്കൗണ്ട് വിവരങ്ങൾ ചോദിച്ചാൽ നൽകരുത്. ആധാറുമായി അക്കൗണ്ട് ബന്ധിപ്പിക്കാനെന്ന വ്യാജേനയും ബാങ്കിംഗ് സൗകര്യങ്ങൾക്കായെന്ന പേരിലുമൊക്കെ തട്ടിപ്പുണ്ട്. ബാങ്കിൽ നിന്നായാൽ പോലും ഫോണിൽ വിളിച്ചാൽ വിവരങ്ങൾ നൽകരുത്. പണം നഷ്ടപ്പെട്ടെന്ന് ഉറപ്പായാൽ ഉടൻ സൈബർസെല്ലുമായി ബന്ധപ്പെടണം.

-ലോക്നാഥ് ബെഹ്റ
പൊലീസ് മേധാവി

മയക്കുമരുന്ന് കേസിലെ പ്രതിക്ക് 10 വർഷം കഠിനതടവ്

ആലുവ: മയക്കുമരുന്ന് കേസിലെ പ്രതിക്ക് 10 വർഷം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും. 205 മയക്കുമരുന്ന് ആംപ്യൂളുകളുമായി എക്സൈസ് സ്പെഷ്യൽ സ്ക്വാഡിന്റെ പിടിയിലായ ആലുവ ചൂണ്ടംവേലി കരയിൽ മൂത്തേലി വീട്ടിൽ ലിജോ ജോയിക്കാണ് എറണാകുളം അഡിഷണൽ സെഷൻസ് കോടതി ജഡ്ജി കെ.എസ്. ശരത്ചന്ദ്രൻ ശിക്ഷ വിധിച്ചത്. പിഴയൊടുക്കിയില്ലെങ്കിൽ പ്രതി ആറുമാസം കൂടി തടവുശിക്ഷ അനുഭവിക്കണം.

2013 ഒക്ടോബറിൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന കെ.കെ. അനിൽകുമാറാണ് പ്രതിക്കെതിരെ കേസെടുത്തത്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജി. സജിത്കുമാറാണ് ഈ കേസിന്റെ കുറ്റപത്രം സമർപ്പിച്ചത്. കേസിൽ പബ്ലിക് പ്രോസിക്യൂട്ടർ എം.ഡി. സുനിൽ ഹാജരായി. കേസിലെ രണ്ടാം പ്രതി റെയ്ഗൺ ഫ്രാൻസിസിനെ കുറ്റവിമുക്തനാക്കി.

പാതയോര മദ്യ നിരോധനം

കള്ളുഷാപ്പുകൾ വീണ്ടും തുറക്കാൻ വഴിയൊരുക്കി സുപ്രീംകോടതി

കള്ളുഷാപ്പുകൾക്ക് ഇളവ് നൽകുന്നതിൽ സംസ്ഥാനത്തിന് തീരുമാനമെടുക്കാമെന്ന് ഉത്തരവ്

ന്യൂഡൽഹി: ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ 500 മീറ്റർ ദൂരപരിധിയിൽ മദ്യവിൽപ്പനശാലകൾക്ക് ഏർപ്പെടുത്തിയ നിരോധനത്തിൽ നിന്ന് നഗര പ്രദേശങ്ങളോട് ചേർന്നതും പട്ടണസമാന വികസനമുള്ളതുമായ പഞ്ചായത്തുകളെ ഒഴിവാക്കിയ ഉത്തരവ് കള്ളുഷാപ്പുകളുടെ കാര്യത്തിലും ബാധകമാണെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

കള്ളുഷാപ്പുകളെ പാതയോര മദ്യനിരോധന ഉത്തരവിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി തീർപ്പാക്കിയാണ് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന്റെ ഉത്തരവ്. അതേസമയം, കള്ള് മദ്യത്തിന്റെ പരിധിയിൽ വരുമോയെന്ന വിഷയത്തിൽ കോടതി തീരുമാനമെടുത്തില്ല. പഞ്ചായത്തുകളുടെ യോഗ്യത നോക്കി കള്ള് വിൽപ്പനയ്ക്ക് അനുമതി നൽകുന്ന കാര്യം സംസ്ഥാന സർക്കാരിന് തീരുമാനിക്കാം.

പൂട്ടിയ ഷാപ്പുകൾ ഉപാധിയോടെ തുറക്കാം

GAYATHRI
കള്ള്

- ■ ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ മദ്യശാല നിരോധനത്തെ തുടർന്ന് അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ ഉപാധിയോടെ തുറക്കാൻ വഴിയൊരുക്കുന്നതാണ് സുപ്രീം കോടതി തീരുമാനം.
- ■ മദ്യശാലാനിരോധനത്തിൽ നിന്ന് പഞ്ചായത്തുകളിലെ പട്ടണപ്രദേശങ്ങൾക്ക് കഴിഞ്ഞ മാസം 23നാണ് സുപ്രീം കോടതി ഇളവ് നൽകിയത്. ഈ ഇളവാണ് കള്ളുഷാപ്പുകൾക്കും ബാധകമാകുന്നത്.
- ■ പഞ്ചായത്തുകളിലെ പട്ടണ പ്രദേശങ്ങൾ ഏതൊക്കെയെന്ന് സംസ്ഥാന സർക്കാരാണ് തീരുമാനിക്കേണ്ടത്. പാതയോരത്തെ മദ്യശാല നിരോധനത്തിൽ നിന്ന് മുൻസിപ്പാലിറ്റികളെയാണ് ആദ്യം ഒഴിവാക്കിയത്.
- ■ കള്ള് വീര്യം കുറഞ്ഞ പാനീയമായതിനാൽ മദ്യമായി പരിഗണിക്കേണ്ടതില്ലെന്നായിരുന്നു സംസ്ഥാന സർക്കാരിന്റെയും ഹർജിക്കാരായ കള്ളുഷാപ്പ് ലൈസൻസി അസോസിയേഷന്റെയും വാദം.

സുധീരന്റെ ആവശ്യം അംഗീകരിച്ചില്ല

കള്ളുഷാപ്പുകൾക്ക് ഇളവ് നൽകരുതെന്ന് കേസിൽ കക്ഷി ചേർന്ന കോൺഗ്രസ് നേതാവ് വി.എം.സുധീരൻ ആവശ്യപ്പെട്ടെങ്കിലും കോടതി അംഗീകരിച്ചില്ല. സുധീരൻ കോടതി ചെലവിൽ പ്രശസ്തനാവാൻ ശ്രമിക്കുകയാണെന്ന് കേസിൽ കക്ഷിയായ വൈക്കം ചെത്തുതൊഴിലാളി യൂണിയന് (എ.ഐ.ടി.യു.സി) വേണ്ടി ഹാജരായ അഡ്വ.വി.കെ.ബിജു വാദിച്ചു.

വിധി സ്വാഗതം ചെയ്ത് ഷാപ്പുടമകൾ

കൊച്ചി: ദേശീയപാതയോരത്തു നിന്ന് 500 മീറ്റർ പരിധിയിൽ മദ്യശാലകൾ പാടില്ലെന്ന വിധിയിൽ നിന്ന് പരമ്പരാഗത കള്ളുഷാപ്പുകളെ ഒഴിവാക്കിയ സുപ്രീംകോടതി ഉത്തരവിനെ കള്ളുഷാപ്പ് ലൈസൻസി അസോസിയേഷൻ സ്വാഗതം ചെയ്തു. വിധിയിൽ പൂർണസന്തോഷവും സംതൃപ്തിയുമുണ്ടെന്ന് അസോസിയേഷൻ യോഗം അറിയിച്ചു. സുപ്രീംകോടതിയുടെ ആദ്യ ഉത്തരവിൽ നിന്ന് കള്ളുഷാപ്പുകളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് അസോസിയേഷനാണ് ഹർജി സമർപ്പിച്ചത്. അനാവശ്യമായി പതിനായിരക്കണക്കിന് തൊഴിലാളികളെയും ലൈസൻസികളെയും വലിയവിഭാഗം ജനങ്ങളുടെ ജീവിതമാർഗവുമായ വ്യവസായത്തെ തകർക്കാൻ ലക്ഷ്യമിട്ടാണ് കെ.പി.സി.സി. മുൻ പ്രസിഡന്റ് വി.എം. സുധീരൻ കേസിൽ കക്ഷി ചേർന്നതെന്ന് അസോസിയേഷൻ ആരോപിച്ചു

കതിരൂർ മനോജ് വധക്കേസ്

യു.എ.പി.എ കുറ്റം ചുമത്താൻ സംസ്ഥാനാനുമതി വേണ്ടെന്ന്

കൊച്ചി : സി.ബി.ഐ അന്വേഷിക്കുന്ന കേസുകളിലെ പ്രതികൾക്കെതിരെ യു.എ.പി.എ പ്രകാരമുള്ള കുറ്റം ചുമത്താൻ സംസ്ഥാന സർക്കാരിന്റെ അനുമതി വേണ്ടെന്ന് കേന്ദ്ര സർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചു.

കതിരൂർ മനോജ് വധക്കേസിൽ യു.എ.പി.എ പ്രകാരമുള്ള കുറ്റം ചുമത്തിയതിനെതിരെ സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി. ജയരാജനടക്കമുള്ള പ്രതികൾ നൽകിയ ഹർജിയിലാണ് കേന്ദ്ര സർക്കാരിന്റെ അഭിഭാഷകൻ ഇക്കാര്യം ബോധിപ്പിച്ചത്. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ നടന്ന കേസിൽ യു.എ.പി.എ പ്രകാരമുള്ള കുറ്റം ചുമത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി വേണമെന്ന വാദമാണ് ഹർജിക്കാർ ഉന്നയിക്കുന്നത്.

ഇത്തരമൊരു വാദം നിലനിൽക്കില്ലെന്നും കേന്ദ്ര അന്വേഷണ ഏജൻസിയായ സി.ബി.ഐ അന്വേഷിക്കുന്ന കേസിൽ യു.എ.പി.എ പ്രകാരമുള്ള കുറ്റം ചുമത്താൻ കേന്ദ്ര സർക്കാരിന്റെ അനുമതിയാണ് വേണ്ടതെന്നും സി.ബി.ഐ വാദിക്കുന്നു. ഇന്നും വാദം തുടരും.

വീരേന്ദ്രകുമാറിന് 49.15 കോടിയുടെ സ്വത്ത്

തിരുവനന്തപുരം: രാജ്യസഭയിലേക്ക് മത്സരിക്കുന്ന എൽ.ഡി.എഫ് സ്വതന്ത്ര സ്ഥാനാർത്ഥി എം.പി.വീരേന്ദ്രകുമാറിന് 49.15 കോടിരൂപയുടെ സ്വത്തുണ്ടെന്ന് നാമനിർദ്ദേശ പത്രികയ്ക്കൊപ്പമുള്ള സത്യവാങ്മൂലത്തിൽ വെളിപ്പെടുത്തി.

ഭാര്യയുടെ പേരിൽ രണ്ട് കോടിയുടെ സ്വത്ത് വേറെയുണ്ട്. ബാങ്കുകളിലെ നിക്ഷേപവും മറ്റുമായി 3. 76 കോടിയുണ്ട്. വീരേന്ദ്രകുമാറിന്റെ കൈവശമുള്ള സ്വർണ മോതിരം ഉൾപ്പെടെയാണിത്. ഭാര്യയുടെ പേരിൽ . 27,78,543 രൂപയുടെ നിക്ഷേപമുണ്ട്. ബാങ്കിൽ നിന്ന് ഭവന വായ്പയെടുത്ത വകയിൽ 1.95 കോടി തിരിച്ചടയ്ക്കാനുണ്ട്. ആദായ നികുതി വകുപ്പിന് ഈ വർഷം കാണിച്ചത് 1,35,03,977 രൂപയുടെ വരുമാനമാണ്. കൈവശമുള്ളത് 15,000 രൂപ. സർക്കാർ ഭൂമി കൈവശംവച്ചതിന് ഭൂസംരക്ഷണ നിയമപ്രകാരം സി.പി.എം നേതാവ് പി.കൃഷ്ണപ്രസാദ് നൽകിയ കേസ് നിലവിലുണ്ട്. മാതൃഭൂമി എം.ഡി എന്ന നിലയിൽ പത്രത്തിന് നേരെയുള്ള കേസുകളുമുണ്ട്. ഇവയിൽ പലതും ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

യു.ഡി.എഫ് സ്ഥാനാർത്ഥി ബാബു പ്രസാദിന് 18,42,411 രൂപയുടെ ബാങ്ക് അക്കൗണ്ടും 27,94,411 രൂപയുടെ സ്വത്തുക്കളുമുണ്ട്.

ന്യൂനമർദ്ദം നേരിടാൻ എല്ലാം തയ്യാർ :മുഖ്യമന്ത്രി

തിരുവനന്തപുരം: ശ്രീലങ്കയ്ക്കടുത്ത് രൂപംകൊണ്ട ന്യൂനമർദ്ദം അതി തീവ്ര ന്യൂനമർദ്ദമാകാമെന്ന മുന്നറിയിപ്പ് ലഭിച്ചതിനാൽ തീരദേശങ്ങളിൽ അതീവജാഗ്രതാനിർദ്ദേശം നൽകിയതായും ഏതു സാഹചര്യവും നേരിടാൻ തയ്യാറെടുപ്പുകൾ നടത്തിയതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തെക്കൻ തീരജില്ലകളിലെല്ലാം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾറൂമുകൾ തുറന്നിട്ടുണ്ട്.

ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ഉന്നതതലയോഗത്തിന് ശേഷം മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ന്യൂനമർദ്ദം കേരളതീരത്തെ നേരിട്ട് ബാധിക്കാൻ സാദ്ധ്യത കുറവാണെന്നാണ് മനസിലാക്കുന്നത്. എങ്കിലും എല്ലാ മുൻകരുതലുകളും സ്വീകരിക്കാനും 15 വരെ കരുതിയിരിക്കാനും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗതയിലുള്ള കാറ്റടിക്കാൻ സാദ്ധ്യതയുണ്ടെന്നും കടലിൽ വളരെ മോശം കാലവാസ്ഥയാണെന്നുമാണ് മൂന്നാം സിഗ്നൽ സൂചിപ്പിക്കുന്നത്.

ഏത് സാഹചര്യവും നേരിടാൻ തയ്യാറായിരിക്കാൻ തീരദേശ ജില്ലകളിലെ കളക്ടർമാർക്ക് നിർദ്ദേശം നൽകി. റിലീഫ് ക്യാമ്പുകളാക്കാവുന്ന കെട്ടിടങ്ങളുടെ താക്കോൽ സൂക്ഷിക്കാനും പരീക്ഷനടക്കുന്ന സ്കൂളുകളെ ഒഴിവാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഒരുങ്ങിയിരിക്കാൻ കെ.എസ്.ഇ.ബി. ഓഫീസുകളോടും പറഞ്ഞിട്ടുണ്ട്. തെക്കൻ കേരളത്തിലെ തീരപ്രദേശങ്ങളിൽ നിന്ന് ആരും കടലിൽ പോകരുതെന്ന് മുന്നറിയിപ്പ് നൽകി. കടലിൽ പോയവരോട് മടങ്ങിയെത്താൻ പറഞ്ഞിട്ടുണ്ട്. കടലിൽ പോയ അൻപതോളം മത്സ്യത്തൊഴിലാളികൾ ലക്ഷദ്വീപിൽ അടുത്തതായി വിവരം കിട്ടിയിട്ടുണ്ട്. കേന്ദ്രദുരന്തനിവാരണ സേനയിലെ 45 അംഗ ടീം ഇന്ന് തൃശ്ശൂരിലെത്തും. ഒരു ടീം സംസ്ഥാനത്തുണ്ട്. കേന്ദ്രസേനകൾക്കും സഹായമഭ്യർത്ഥിച്ച് സന്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

തയ്യാറെടുപ്പുകൾ

- ■ കടലിൽ പോയ മത്സ്യത്തൊഴിലാളികളെ കോസ്റ്റ്ഗാർഡ് തിരികെ എത്തിച്ചു
- ■ തീരദേശ ജില്ലകളിലെ കളക്ടറേറ്റുകൾ 24 മണിക്കൂറും പ്രവർത്തിക്കും
- ■ അടിയന്തര സാഹചര്യങ്ങൾ നേരിടാൻ നാവികസേനയോടും പുനരധിവാസ കേന്ദ്രങ്ങൾ തയ്യാറാക്കാൻ ജില്ലാ കളക്ടർമാരോടും മുഖ്യമന്ത്രി നിർദ്ദേശിച്ചു
- ■ ചീഫ് സെക്രട്ടറി അടിയന്തരയോഗം വിളിച്ചു
- ■ പൊലീസ് സുസജ്ജമാണെന്ന് ഡി.ജി.പി ലോക്നാഥ് ബെഹ്റ
- ■ വൈദ്യുതി ബോർഡിനും ജാഗ്രതാനിർദ്ദേശം
- ■ ദേശീയ ദുരന്തനിവാരണ സേനയുടെ 45 അംഗ സംഘത്തെ തൃശ്ശൂരിൽ വിന്യസിച്ചു
- ■ മത്സ്യത്തൊഴിലാളികളെ തിരിച്ചെത്തിക്കാൻ 4 കോസ്റ്റ്ഗാർഡ് കപ്പലുകളും വിമാനങ്ങളും
- ■ കടലിൽ തെരച്ചിലിന് ഡോണിയർ വിമാനങ്ങൾ അയച്ചു
- ■ കോസ്റ്റ്ഗാർഡിന്റെ സി-427 ഇന്റർസെപ്ടർ ബോട്ടുകൾ കടലിൽ

തേനി കുരങ്ങിണിയിലെ കാട്ടുതീ

റെയ്ഞ്ച് ഓഫീസർക്ക് സസ്പെൻഷൻ

തേനി: കേരള - തമിഴ്നാട് അതിർത്തി മേഖലയായ തേനി കുരങ്ങിണിയിൽ കാട്ടുതീയിൽപ്പെട്ട് 11 പേർ മരിക്കാനിടയായ സംഭവത്തിൽ സമഗ്ര അന്വേഷണം പ്രഖ്യാപിച്ചു. സംഭവവുമായി ബന്ധപ്പെട്ട് തേനി റെയ്ഞ്ച് ഓഫീസറെ സസ്പെൻഡ് ചെയ്തു. വനമേഖലകളിൽ നടക്കുന്ന അനധികൃത ട്രക്കിംഗിനെ കുറിച്ചും അന്വേഷിക്കും.

വനംവകുപ്പ് ഉദ്യോഗസ്ഥർ പാസ് നൽകിയാണ് ചെന്നൈ ട്രക്കിംഗ് ക്ലബ് അംഗങ്ങളെ കുരങ്ങിണി മലയിലേക്ക് കയറ്റിവിട്ടതെന്ന് തമിഴ്നാട് പൊലീസിനോട് കാട്ടുതീയിൽ പൊള്ളലേറ്റവർ മൊഴി നൽകി. അനുമതിയില്ലാത്ത പാതിയിലൂടെയാണ് ട്രക്കിംഗ്സംഘം സഞ്ചരിച്ചതെന്ന് തേനി എസ്.പിയും വ്യക്തമാക്കി. തുടർന്നാണ് റെയ്ഞ്ച്ഓഫീസറെ സസ്പെൻഡ് ചെയ്തത്. തീപിടിത്തത്തിൽ ഉൾപ്പെട്ട് മധുരയിലെ ആശുപത്രികളിൽ കഴിയുന്ന 27 പേരിൽ ഏഴ് പേരുടെ നില ഗുരുതരമായി തുടരുകയാണ്. അപകടത്തിൽപ്പെട്ടവർ എത്തിയ ചെന്നൈയിൽ നിന്നുള്ള ട്രക്കിംഗ് ക്ലബിന്റെ പ്രവർത്തനം അനധികൃതമാണെന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ക്ലബിനെതിരെയും നിയമനടപടികൾ ആരംഭിച്ചു.

വേനലിൽ വനമേഖലയിൽ ട്രക്കിംഗ് നിരോധിച്ച കേരള സർക്കാരിന്റെ നിലപാട് തമിഴ്നാട്ടും പിന്തുടർന്നേക്കും. അനധികൃത ട്രക്കിംഗ് സംബന്ധിച്ചുള്ള അന്വേഷണം കേരളവുമായി സഹകരിച്ച് നടത്തുന്നതിനെക്കുറിച്ചും തമിഴ്നാട് ആലോചിക്കുന്നുണ്ട്. ഇതിനായി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ഉടൻ വിളിക്കും.

കൊരങ്ങിണി മലയിൽ കാട്ടുതീ അണഞ്ഞെങ്കിലും മറ്റിടങ്ങളിൽ കാട്ടുതീ പ്രത്യക്ഷമായിട്ടുണ്ട്. കാട്ടുതീയിൽ മരിച്ചവരുടെ കുടുംബത്തിന് നാല് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 1.50 ലക്ഷവും ധനസഹായം തമിഴ്നാട് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

പാറയും മെറ്റലും കിട്ടാനില്ല;മഴയ്ക്ക് മുന്നേ റോഡുപണിയില്ല

◗ ശ്രീകുമാർപള്ളീലേത്ത്

തിരുവനന്തപുരം: റോഡുപണിയാനുള്ള മെറ്റലിന്റെയും പാറയുടെയും ക്ഷാമത്തെ തുടർന്ന് സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ താറുമാറായി. മഴക്കാലമെത്തും മുൻപ് പൂർത്തിയാക്കാൻ 387 കോടിയോളം രൂപയുടെ അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകിയെങ്കിലും സാധന സാമഗ്രികൾ എത്താത്തതിനെ തുടർന്ന് ജോലികൾ ഇഴയുകയാണ്.

63 കോടിയുടെ ജോലികൾക്ക് ഈ ആഴ്ച അനുമതി നൽകുമെങ്കിലും സാധനങ്ങൾ എത്തിയില്ലെങ്കിൽ പണി വീണ്ടും താമസിക്കും. വയനാട്, എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി തുടങ്ങിയ ജില്ലകളിലെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറെയും തടസപ്പെട്ടത്. 2017-18 വർഷത്തിൽ 450 കോടിയാണ് അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയത്.

ജി.എസ്.ടിയുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങളും കരാറുകാർ കമ്പിയും സിമന്റും അടക്കമുള്ള സാധനങ്ങൾ എത്തിക്കാത്തതുമാണ് അടുത്ത ദിവസങ്ങളിൽ ജോലി സ്തംഭിപ്പിച്ചത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ഇല്ലാത്തതിനെ തുടർന്ന് 2500 ക്വാറികൾ പൂട്ടിയതും പ്രതിസന്ധിക്ക് കാരണമായി.ദേശീയ പാത കരാറുകാരിൽ പലർക്കും സ്വന്തമായി ക്വാറിയുള്ളതിനാൽ പ്രശ്നം അവരെ സാരമായി ബാധിച്ചില്ല.



മഴക്കാലത്തിന് മുൻപ് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ അനുമതി നൽകിയ തുക
387 കോടി രൂപ

KAUMUDI SPECIAL

> “ ജില്ലാ ഭരണകൂടവും വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നില്ല.

-വെള്ളിലഴികം പ്രസാദ് (ജനറൽ കൺവീനർ, കേരള ക്രഷർ ആൻഡ് ക്വാറി അസോസിയേഷൻ ഏകോപനസമിതി)

> “ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്താനാണ് പൊതുമരാമത്ത് വകുപ്പ് ശ്രമിക്കുന്നത്. സാധനങ്ങൾ കിട്ടാതെ ഈ ജോലികൾ നടക്കില്ല. ഇത് പരിഹരിക്കാനുള്ള നടപടികൾ മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്തു സ്വീകരിച്ചെങ്കിലും വേണ്ടത്ര ഫലപ്രാപ്തിയിലായിട്ടില്ല. ജില്ലാ ഭരണകൂടം ഉണർന്നു പ്രവർത്തിച്ചേ മതിയാവൂ.

-മന്ത്രി സുധാകരൻ

യോഗം വിളിച്ചിട്ടും നടപടിയായില്ല

പ്രതിസന്ധി പരിഹരിക്കാൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെയും മന്ത്രിമാരുടെയും ക്വാറി ഉടമകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചിരുന്നു.

നിയമാനുസൃതമായി പ്രവർത്തിക്കാവുന്ന ക്വാറികൾക്ക് അനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശവും നൽകിയെങ്കിലും രണ്ടാഴ്ച കഴിഞ്ഞിട്ടും കാര്യമായ നടപടികളുണ്ടായിട്ടില്ല.

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് പരിശോധനയ്ക്കു ശേഷം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ലഭിച്ചാൽ മാത്രമേ ക്വാറികൾക്ക് പ്രവർത്തിക്കാൻ സാധിക്കൂ.

റബർ ചിരട്ടപ്പാലിന് ബി.ഐ.എസ് വേണ്ടെന്ന് നിവേദനം

ന്യൂഡൽഹി: റബർ ചിരട്ടപ്പാലിന് ബി.ഐ.എസ് ഏർപ്പെടുത്തരുതെന്ന് കേന്ദ്രവാണിജ്യ മന്ത്രി സുരേഷ് പ്രഭുവിന് നൽകിയ നിവേദനത്തിൽ ആന്റോ ആന്റണി എം.പി. ആവശ്യപ്പെട്ടു. കൊച്ചിയിലെ യോഗത്തിൽ ബ്യൂറോ ഒഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് എടുത്ത തീരുമാനം റബർ വ്യവസായത്തിനും പരിസ്ഥിതിക്കും ദോഷം ചെയ്യുമെന്ന് നിവേദനത്തിൽ പറയുന്നു. ബി.ഐ.എസ് വന്നാൽ ചിരട്ടപ്പാൽ കിലോ 30 രൂപ നിരക്കിൽ ഇറക്കുമതി ചെയ്യാനാകും. ഒരു കിലോ റബറിന് 150 രൂപ ഉൽപാദന ചെലവു വരുമ്പോഴാണിത്. ഗുണമേന്മയും ഏകീകൃത സ്വഭാവവും ഇല്ലാത്തതിനാൽ ചിരട്ടപ്പാൽ വിവിധ ഗ്രേഡുകളായി തരം തിരിക്കാനാകില്ല. പാൽ വഴി രോഗാണുക്കൾ പകരാനും ഇടയാകും. ജൈവസുരക്ഷയ്ക്ക് ഹാനികരമായ വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നത് നിയമവിരുദ്ധമാണെന്നും ആന്റോ ആന്റണി ചൂണ്ടിക്കാട്ടി.